## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3120** **19.06.2018 ൽ മറുപടിയ്ക്ക്**

### കൃഷിയോഗ്യമായതും തരിശിട്ടിരിക്കുന്നതുമായ കൃഷിഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ, നിലവിൽ കൃഷിയോഗ്യമായതും എന്നാൽ തരിശിട്ടിരിക്കുന്നതുമായ കൃഷിഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | എ) | ഉണ്ട്. അമ്പലപ്പാറ പഞ്ചായത്തിൽ 32 ഹെക്ടറും, ലക്കിടി പേരൂർ പഞ്ചായത്തിൽ 17 ഹെക്ടറും, ഒറ്റപ്പാലം കൃഷി ഭവൻ പരിധിയിൽ 60 ഹെക്ടറും ചേർന്ന 109 ഹെക്ടർ കൃഷിയോഗ്യമായതും എന്നാൽ തരിശിട്ടിരിക്കുന്നതുമായ കൃഷിഭൂമി നിലവിലുണ്ട്. |
| ബി) | പ്രസ്തുത തരിശുഭൂമിയിൽ കൃഷി ആരംഭിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ബി) | തരിശു ഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനും തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിനു 30,000/- രൂപയും, രണ്ടാം വർഷം 7,000/- രൂപയും മൂന്നാം വർഷം 4,500/- രൂപയും എന്ന ക്രമത്തിലാണ് ധനസഹായം നൽകുന്നത്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ച് നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000/- രൂപയും ഭൂവുടമയ്ക്ക് 5,000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5,800/- രൂപയും 1,200/- രൂപയും മൂന്നാം വർഷം 3,750/- രൂപയും 750/- രൂപയും ആണ്.<br><br>യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും, നഗരപ്രദേശങ്ങളിൽ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ/ സർക്കാരിതര/ സ്വകാര്യ സ്ഥാപനങ്ങൾ/ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വന്തമായോ പാട്ടത്തിനോ കൃഷി |

നടത്തുന്നതിനു ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പ് വരെയും കൂടാതെ സംസ്കരണം, യന്ത്രവത്കരണം എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും പ്രോജക്ട് അധിഷ്ഠിത സാമ്പത്തിക സഹായം നൽകിവരുന്നു. ഇതിനായി 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ എല്ലാ പദ്ധതി ഘടകങ്ങളും ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിന്റെ പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലും ബന്ധപ്പെട്ട കൃഷിഭവനുകൾ മുഖാന്തിരം നടപ്പിലാക്കുന്നുണ്ട്.

ഇതിനു പുറമേ ഒറ്റപ്പാലം മുനിസിപ്പാലിറ്റി പരിധിയിൽ തരിശ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി 45 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒറ്റപ്പാലം മണ്ഡലത്തെ തരിശുരഹിത മണ്ഡലമാക്കി മാറ്റുന്നതിനായി എം.എൽ.എ യുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചു ചേർക്കുന്നതിനും പദ്ധതികൾ ഏകോപിപ്പിച്ച് പൂർണ്ണമായും തരിശുരഹിതമാക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

Mayal

**സെക്ഷൻ ഓഫീസർ**